# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/1335/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/1335/2022 തീയ്യതി: 29/07/2022

## കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 06-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 01-04-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻ ചന്ദ്രൻ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീമതി പത്മകുമാരി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജൂഡിറ്റ് വർഗീസ്.എൻ (സീനി.ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി അമല സെർമിയസ്(ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ എൽ. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. ദിവ്യ ജയകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. വിനയകുമാർ | സെക്രട്ടറി | 01-04-2020 | 30-05-2020 |
| ശ്രീമതി.ജാലിസ .കെ | സെക്രട്ടറി(ഇൻ ചാർജ്) | 31-05-2020 | 08-06-2020 |
| ശ്രീ. ജോൺ | സെക്രട്ടറി | 09-06-2020 | 11-06-2020 |
| ഒഴിഞ്ഞുകിടന്നു | സെക്രട്ടറി(ഇൻ ചാർജ്) | 12-06-2020 | 14-06-2020 |
| ശ്രീ. ബാബുരാജ് | സെക്രട്ടറി | 15-06-2020 | 22-12-2020 |
| ശ്രീ. ബെന്നിമൈക്കിൾ | സെക്രട്ടറി(ഇൻ ചാർജ്) | 23-12-2020 | 17-01-2021 |
| ശ്രീ. ബാബുരാജ് | സെക്രട്ടറി | 18-01-2021 | 16-03-2021 |
| ശ്രീ. ബെന്നിമൈക്കിൾ | സെക്രട്ടറി(ഇൻ ചാർജ്) | 17-03-2021 | 31-03-2021 |
| ശ്രീ. സ്റ്റീഫൻ എം | അസി.സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ. ബെന്നിമൈക്കിൾ | അസി.സെക്രട്ടറി | 09-06-2020 | 31-03-2021 |
| ശ്രീമതി.സാൻട്രിയ വാഷിംഗ്ടൺ | വെറ്ററിനറി സർജൻ | 01-04-2020 | 13-02-2021 |
| ശ്രീമതി.രമ.ജി.ഉണ്ണിത്താൻ | വെറ്ററിനറി സർജൻ | 14-02-2021 | 31-03-2021 |
| ശ്രീമതി.മല്ലികാമ്മ .സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.സരിത കോലാരത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.അജയകുമാർ.വി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രമ്യ.എസ് | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2020 | 27-02-2021 |
| ശ്രീമതി.ഷീബാഫ്രാൻസിസ് | ഡയറിഫാംഇൻസ്ട്രക്ടർ | 28-02-2021 | 31-03-2021 |
| ശ്രീമതി.ഷിനു.എസ്.പ്രഭ | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 08-05-2020 |
| ശ്രീമതി.ബിന്ദു.കെ.ഒ | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 09-05-2020 | 01-11-2020 |
| ശ്രീമതി.ആര്യ.പി | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2020 | 31-03-2021 |
| ഡോ.ജുനു വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.ആര്യലക്ഷ്മി | കൃഷി ഓഫീസർ | 01-04-2020 | 01-03-2021 |
| ശ്രീമതി .അഞ്ജന എം.ജി | കൃഷി ഓഫീസർ | 02-03-2021 | 31-03-2021 |
| ശ്രീമതി.അജിത.എൽ | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ.കൃഷ്ണപ്രസാദ് | വി.ഇ.ഒ | 01-04-2020 | 31-01-2021 |
| ശ്രീ.വിദ്യ.കെ.എസ് | വി.ഇ.ഒ | 01-02-2021 | 15-03-2021 |
| ശ്രീമതി..അജിത | വി.ഇ.ഒ | 16-03-2021 | 31-03-2021 |
| ഡോ.രാജശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 30-01-2021 |

| | | | |
|---|---|---|---|
| ഡോ.സൂസൻ ബ്രൂണോ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 31-01-2021 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Judith Varghese (Senior Grade Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Judith Varghese (Senior Grade Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികാ പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-2-1 |
| 4 | സാമ്പത്തികവിശകലനം<br>Written By: Judith Varghese (Senior Grade Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor, On 11-07-2022)<br>Last Updated By: Judith Varghese (Senior Grade Auditor, On 29-07-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 29-07-2022)<br>Last Updated By: Judith Varghese (Senior Grade Auditor, On 29-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 11-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Judith Varghese (Senior Grade Auditor, On 11-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Judith Varghese (Senior Grade Auditor, On 11-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 1-7 |
| 10 | സർവീസ് പെൻഷൻ കൈപ്പറ്റുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നു.<br>Written By: Judith Varghese (Senior Grade Auditor, On 11-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Judith Varghese (Senior Grade Auditor, On 11-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 11-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-10 |
| 14 | പൊളിച്ചുനീക്കാൻ തീരുമാനിച്ച ഷോപ്പിംഗ് കോംപ്ലക്സിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Judith Varghese (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-11 |
| 15 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-12 |
| 16 | ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-13 |
| 17 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-14 |
| 18 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല.<br>Written By: Naveen Chandran (Audit Officer, On 10-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-15 |

| | | |
|---|---|---|
| 19 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ-ൽ നിന്നും 3,47,466/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.<br>Written By: Naveen Chandran (Audit Officer, On 10-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-16 |
| 20 | പെരിനാടൻ ജൈവ പച്ചക്കറികൃഷി - സബ്സിഡി അധികമായി നല്കി.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-17 |
| 21 | തെങ്ങ് കൃഷി പുനരുദ്ധാരണം - സബ്സിഡി അധികം നല്കി.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-18 |
| 22 | ഇടവട്ടം പാടശേഖരത്തിന് കുഴൽ കിണർ നിർമ്മാണം - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-19 |
| 23 | പെരിനാട് സുഗന്ധവിള സമിതിക്ക് റിവോൾവിംഗ് ഫണ്ട് - നിർദ്ദേശങ്ങൾ പാലിക്കുന്നില്ല - ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-20 |
| 24 | നാളികേര സൊസൈറ്റിയ്ക്ക് മൂല്യവർദ്ധിത ഉല്പന്ന നിർമാണത്തിന് സഹായം.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-21 |
| 25 | ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-22 |
| 26 | സമഗ്ര നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-23 |
| 27 | കര നെൽകൃഷി - നിർവഹണത്തിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-24 |
| 28 | സമഗ്ര ജൈവകിഴങ്ങുവിളകൃഷി - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-25 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Santhosh N (Computer Assistant, On 29-07-2022) | 1-26 |
| 30 | മഴക്കാലപൂർവ്വ ശുചീകരണം രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-27 |
| 31 | വീട്ടുവളപ്പിലെ കുളത്തിലെ കൃഷി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-28 |
| 32 | മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-29 |
| 33 | നിശ്ചിത തീയതിയ്ക്ക് മുമ്പ് കരാറിൽ ഏർപ്പെട്ടില്ല - കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.<br>Written By: Naveen Chandran (Audit Officer, On 15-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-30 |
| 34 | കറവപ്പശുവിന് ധാതുലവണമിശ്രിതം - വിതരണരേഖകൾ ഹാജരാക്കിയില്ല.<br>Written By: Judith Varghese (Senior Grade Auditor, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-31 |
| 35 | ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി - ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു.<br>Written By: Naveen Chandran (Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-32 |
| 36 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Naveen Chandran (Audit Officer, On 15-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 1-33 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പെരിനാടൻ ജൈവ പച്ചക്കറികൃഷി - സബ്സിഡി അധികമായി നല്കി.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 3-1 |
| 2 | ഇടവട്ടം പാടശേഖരത്തിന് കുഴൽ കിണർ നിർമ്മാണം - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 3-2 |
| 3 | സമഗ്ര നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 3-3 |
| 4 | ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 14-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 3-4 |
| 5 | തെങ്ങ് കൃഷി പുനരുദ്ധാരണം - സബ്സിഡി അധികം നല്കി.<br>Written By: Rajasree.C.R (Auditor, On 27-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 3-5 |
| 6 | ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി - ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു.<br>Written By: Naveen Chandran (Audit Officer, On 15-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 3-6 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Judith Varghese (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 29-07-2022) | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20/3/20 തീയതിയിലെ നമ്പർ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2021 | 26/8/21 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികാ പരിശോധന

1. പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ അഡ്വാൻസ് തുകകൾ, അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് എന്നിവ അക്കൗണ്ട്സിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. പ്രോപ്പർട്ടിടാക്സ് റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ അരിയർഡിമാന്റ്, ബാലൻസ് എന്നിവ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഫിക്സഡ് അസ്സറ്റ്സിന്റെ കൃത്യത പരിശോധിച്ചിട്ടില്ല. ആസ്തികൾക്കായി വിവിധ പ്രോജക്റ്റുകൾ വഴി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആസ്തിയിലുൾപ്പെടുത്തി മൂല്യം വർദ്ധിപ്പിച്ചിട്ടില്ല.

4. ഡെഫേർഡ് സാലറി അക്കൗണ്ടിൽ നിന്നും അധികമായി 138054- രൂപ പിൻവലിച്ചതിനാൽ ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് 138054 എന്നാണ് അക്കൗണ്ട്സിലും പാസ്ബുക്കിലും ഉള്ളത്. അധികമായി തുക പിൻവലിച്ചതിന്റെ കാരണം ബോധ്യപ്പെടുത്തിയില്ല.

5. പ്രൊഫഷൻ ടാക്സിനത്തിൽ ചെക്കായി ലഭിച്ച 16250/- രൂപ പണമായിട്ടില്ലെങ്കിലും റിക്കൺസിലിയേഷനിൽ ടി തുക ഉൾപ്പട്ടിട്ടില്ല.

6.എം.ജി.എൻ.ആർ.ഇ.ജി.എസ്. വരവ് ചെലവ്തുകകൾ ക്യാഷ് ബുക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

7. IFTE&OS ന്റെ രജിസ്റ്റർ പൂർണ്ണമാക്കി അബ്സ്ട്രാക്റ്റ് തയ്യാറാക്കാത്തതിനാൽ അക്കൗണ്ട്സിലെ തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

8. ലൈഫ് ലോൺ രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ അക്കൗണ്ട്സിലെ തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

9. ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10. പഞ്ചായത്ത് ഫണ്ട് ജനറൽ -Ve ആണ്. നെഗറ്റീവ് ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല.

11. ലൈഫ് വായ്പാതിരിച്ചടവ്, അംഗൻവാടി അധികവേതനം എന്നീ ഇനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ടെങ്കിലും ടി പ്രോജക്ടുകൾ രൂപീകരിച്ച് സുലേഖയിലുൾപ്പെടുത്തിയിട്ടില്ല.

12. തൊഴിൽരഹിത വേതനം, വിധവാ പെൻഷൻ എന്നിവ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

13. തൻവർഷം ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയിരിക്കുന്ന തുക 4129352/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ട തുക 2404952/-രൂപയാണ്.

### 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23464029/- |
| വരവ് | 100651869/- |
| ആകെ | 124115898/- |
| ചെലവ് | 113455412/- |
| നീക്കിയിരിപ്പ് | 10660486/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 676896/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7494676/- |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ | കുറിപ്പ് ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18843000/- | 18843000/- | 18623087/- | 219913/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12602000/- | 12602000/- | 10973211/- | 1628789/- | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 14993543/- | 14993543/- | 11626901/- | 3366642/- | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | 0 | 8260000/- | 8260000/- | 5247250/- | 3012750/- | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 5471000/- | 5471000/- | 4739509/- | 731491/- | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 6531000/- | 6531000/- | 6485408/- | 45592/- | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വമിഷൻ | 844313 | 3331630/- | 4175943/- | 574878/- | 3601065/- | |
| കോവിഡ് | 0 | 2968357/- | 2968357/- | 0 | 2968357/- | 2968357/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 2840000/- | 2840000/- | 2840000/- | 0 | |
| ഇലക്ഷൻ | 300000/- | 19366/- | 319366/- | 19366 | 300000 | |
| ബി.ആർ.സി | 0 | 200000/- | 200000 | 0 | 200000 | |
| ഐ.സി.ഡി.എസ് | 783849/- | 1259290/- | 2043139/- | 1775998/- | 419941/- | |
| സാക്ഷരത | 4166/- | 138/- | 4304/- | 0 | 4304/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| വേ ലീവ് ചാർജ് | 0 | 2180507/- | 2180507/- | 2180507/- | 0 | |
| റ്റി.എസ്.സി | 1023279/- | 0 | 1023279/- | 0 | 1023279/- | |
| എംജിഎൻആർഇജിഎ | 1472/- | 891027/- | 892499/- | 890072/- | 2427/- | |
| സോളിഡ് വേസ്റ്റ് ഗ്രാന്റ് | 8621/- | 0 | 8621/- | 0 | 8621/- | |
| റ്റി.എസ്.സി | 217165/- | 0 | 217165/- | 200000/- | 17165/- | |

### 1-4-1 ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

സി.എസ്.എസ്, എസ്.എസ്.എസ് എന്നിവയുടെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 255 | 143985858 | 173 | 72237945 | 35 | 47 | 67.84 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1472 | 891027 | 892499 | 890072 | 2427 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27229499 | 27229499 | 27229499 | 0 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33120/- | 47 |
| കർഷകതൊഴിലാളി പെൻഷൻ | 913800/- | 428 |
| വിധവാപെൻഷൻ | 28913500/- | 13679 |
| വാർദ്ധക്യകാലപെൻഷൻ | 45651800/- | 23946 |
| വികലാംഗപെൻഷൻ | 8833600/- | 4084 |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 914000/- | 436 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 660000/- | 22 |

1-7-1 സർവീസ് പെൻഷൻ കൈപ്പറ്റുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നു.

പെരിനാട് ഗ്രാമപഞ്ചായത്തിൽ സർവീസ് പെൻഷൻ തുക കൈപ്പറ്റുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച ഫയൽ പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | അനർഹമായി കൈപ്പറ്റിയ കാലയളവ് | അനർഹമായ കാലയളവിൽ കൈപ്പറ്റിയ തുക ₹ | തിരിച്ചടച്ച തുക ₹ |
|---|---|---|---|---|---|
| ദേവകിയമ്മ | 103430201931 | വാർദ്ധക്യ കാലം | 10/2016-4/2019<br>8/2019-9/2019 | 22200/- | 5000/- |
| ചെല്ലമ്മ. കെ | 103430202075 | വാർദ്ധക്യകാല പെൻഷൻ | 10/2016-4/2019<br>8/2019-9/2019 | 21000/- | 0 |
| സോമരാജൻ കെ | 103430202514 | വാർദ്ധക്യ കാല പെൻഷൻ | 9/2017-4/2020 | 48000/- | |
| രഞ്ജിത്ത് | 103430400356 | വികലാംഗ പെൻഷൻ | 4/2019-4/2020 | 15700/- | |
| ഷൈലാമ്മ | 103430600232 | വിധവാ പെൻഷൻ | 4/2015-4/2019 | 52000/- | |
| തങ്കമണി എൻ | 103430601378 | വിധവാ പെൻഷൻ | 7/2016-6/2020 | 52100/- | |
| രാധാമ്മ | 103430202798 | വാർദ്ധക്യ കാലം | 11/2018-4/2019 | 5600/- | |
| ശ്രീപതി ജി | 103430202991 | വാർദ്ധക്യ കാലം | 3/2019-4/2019<br>8/2019-9/2019 | 4700/- | 2300/- |
| ലൈല എം | 103430400542 | വികലാംഗ പെൻഷൻ | 8/2019-4/2020 | 9700/- | |

സർക്കുലർ നം7/2020/ധന തീയതി23/1/20 പ്രകാരം സാമൂഹ്യസുരക്ഷ പെൻഷൻ തുക കൈപ്പറ്റുന്ന സർവീസ് പെൻഷണർ/കുടുംബപെൻഷണർ അക്കാര്യം അടിയന്തിരമായി പ്രാദേശിക സർക്കാരിനെ അറിയിച്ച് പെൻഷൻ റദ്ദുചെയ്യേണ്ടതും കൈപ്പറ്റിയ തുക സ്വമേധയ തിരിച്ചടച്ച് സേവനയിൽ ക്രമീകരിച്ചിട്ടുള്ള കോളത്തിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

മുകളിൽ പരാമർശിച്ച സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം അനർഹമായി വിതരണം ചെയ്ത പെൻഷൻതുക തിരികെ ലഭ്യമാക്കി കേരള സോഷ്യൽസെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൌണ്ടിലേക്ക് തിരികെ അടവാക്കി വിവരം

ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6/7/22 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 43388/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു.സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്.മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ റോഡ്കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.
സർവീസ് പെൻഷണർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നത് സംബന്ധിച്ച് ഖണ്ഡിക 1-7 കാണുക.

- കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഖണ്ഡിക 3-1 മുതൽ 3-4 കാണുക.
- ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി- ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു -ഖണ്ഡിക 3-5 കാണുക.

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് , ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-4-22 | 1-10-21 മുതൽ 31-3-22 | 27-4-22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/7/20 | 2015-16 മുതൽ 2019-20 | 11/11/2020 |

## 1-11 പൊളിച്ചുനീക്കാൻ തീരുമാനിച്ച ഷോപ്പിംഗ് കോംപ്ലക്സിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ജനറൽ കമ്മറ്റി യോഗ മിനിട്സും വാടക രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ 30.6.2019 തീയതിയിലെ സാധാരണ യോഗത്തിലെ 13/ 1 നമ്പർ തീരുമാനപ്രകാരം, ചെറുമൂട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലെക്സ് പൊളിക്കുന്നതിന് തീരുമാനിച്ചതിനാൽ ഇതിൽ പ്രവർത്തിക്കുന്ന 10 വ്യാപാരസ്ഥാപനങ്ങളുടെ വാടക കരാർ 2019 മാർച്ച് 31 ന ശേഷം പുതുക്കാതെ ഈ സ്ഥാപനങ്ങളെ ഒഴിവാക്കാനായി തീരുമാനം കൈക്കൊള്ളുകയുണ്ടായി. എന്നാൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019 -20 വർഷ ഓഡിറ്റിന്റെ ഭാഗമായി 22.06.2021 -ൽ നടത്തിയ സ്ഥലപരിശോധനയിൽ ശ്രീ. അജയൻ, ശ്രീമതി ശകുന്തള, ശ്രീ. രഘൂത്തമൻ പിള്ള

എന്നിവർ വാടകയ്ക്ക് എടുത്തിരിക്കുന്ന യഥാക്രമം 6, 7, 9 നമ്പർ കടമുറികൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിരുന്നു. 15.9.2020 -ൽ നടന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ 13-ാം അജണ്ടയിലെ 34-ാം തീരുമാനപ്രകാരം വാടകക്കാർ ഒഴിയാത്ത കെട്ടിടങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള വാടക കുടിശിക ഈടാക്കാൻ തീരുമാനിക്കുകയുണ്ടായി. 2020 ജൂലൈ മാസം കടമുറികൾ ഒഴിഞ്ഞു താക്കോൽ തിരിച്ചേല്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി 12.07.2021 ൽ പി.1-2990/19 നമ്പർ നോട്ടീസ് നൽകിയിരുന്നതായി രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. എന്നാൽ താക്കോൽ തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഓഡിറ്റ് പരാമർശത്തെ തുടർന്നു കടകൾ പൂർണ്ണമായും ഒഴിപ്പിച്ചിരുന്നു എന്നും കടകൾ തുറന്ന് പ്രവർത്തിക്കാൻ പറ്റാത്ത വിധം കോവിഡ് 19 രൂക്ഷമായ സാഹചര്യത്തിൽ 29/4/2020ലെ സ. ഉ. 802/2020, 29/6/2020ലെ സ.ഉ 1278/20 പ്രകാരവും കുടിശ്ശിക ഒഴിവാക്കി നൽകി എന്നുമാണ് വിശദീകരിച്ചത്. എന്നാൽ കോവിഡിന്റെ സഹാചര്യത്തിൽ 3 മാസത്തെ വാടക ഒഴിവാക്കി നൽകാനാണ് സർക്കാർ നിർദ്ദേശമുണ്ടായിരുന്നത്. കൂടാതെ 22.06.2021 ൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചതായി ഓഡിറ്റിന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ വസ്തുതാ വിരുദ്ധമായ ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കടമുറികൾ ഒഴിയാൻ ആവശ്യപ്പെട്ടിട്ടും ഒഴിയാതെ കൈവശം വെച്ചിരിക്കുന്നവരിൽ നിന്നും വാടക കുടിശിക ഈടാക്കിയ രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2018-19 വർഷം റൂം നമ്പർ 6-ന്റെ വാടകക്കാരൻ ശ്രീ അജയൻ ജി. വാടക കുടിശ്ശിക ഇനത്തിൽ ₹243 രൂപയും, റും നമ്പർ 7-ന്റെ വാടകക്കാരൻ ശ്രീമതി ശകുന്തള ₹4408/- രൂപയും റൂം നമ്പർ 653 B യുടെ വാടകക്കാരൻ ,ശ്രീമതി വിമല ഡോണൽ ₹ 3,260- രൂപയും റൂം നമ്പർ 653 D യുടെ വാടകക്കാരൻ ശ്രീമതി സോമവല്ലി ₹18/- രൂപയും രജിസ്റ്റർ പ്രകാരം അടവാക്കാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും 2019-20 വർഷം വാടക പൂർണ്ണമായും ഈടാക്കിയിട്ടുമുണ്ട്.18-19 വർഷത്തെ കുടിശ്ശിക വാടക ഈടാക്കാതെ 19-20 വർഷത്തിലെ വാടക പൂർണ്ണമായും ഈടാക്കിയതായുള്ള വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കേണ്ടതും, സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ 2020-21 വർഷം 653 C,653 D കട മുറികൾ കൈവശമുള്ള യഥാക്രമം ശ്രീ രഘൂത്തമൻ പിള്ള ,ശ്രീമതി സോമവല്ലി എന്നിവർ 2020 മെയ് മുതൽ 2021 മാർച്ച് വരെയുള്ളതും, 653 B നമ്പർ കടമുറി കൈവശം വച്ചിരിക്കുന്ന ശ്രീ സമ്പത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ളതുമായ വാടക കുടിശ്ശിക ഒടുക്കാൻ ബാക്കിനിൽക്കുന്നതായി വാടക രജിസ്റ്റർ പ്രകാരം കാണുന്നു. ആയത് ഒടുക്കുവരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഒരോ സാമ്പത്തിക വർഷവും ഡിമാന്റ്, കളക്ഷൻ ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധക്കേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി -7/11.07.2022

ഓഡിറ്റ് എൻക്വയറി -11/13.07.2022

### 1-12 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ 1,00,030/-രൂപ അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള എസ്.ബി.ഐ. കടവൂർ ശാഖയിലെ 37248080436 നമ്പർ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്.

| വർഷം | തുക(രൂപ) |
|---|---|
| 2020-21 | 45600/- |
| 2021-22 | 54430/- |
| ആകെ | 100030/- |

ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് നാളിതു വരെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മുതൽ മുടക്കിനു ആനുപാതികമായുള്ള ലൈസൻസ് ഫീ ഈടാക്കുന്നില്ല.

രേഖകൾ പരിശോധിച്ചതിൽ നിന്ന് ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന കൊപ്പാറ എന്റർപ്രൈസസ് ആൻഡ്

കോപ്പിസോലൃഷൻസ് (കെട്ടിട നമ്പർ X/610) എന്ന സ്ഥാപനം മൂലധന നിക്ഷേപമായി 4 കോടി രൂപ രേഖപ്പെടുത്തിയിരിക്കുന്നു. മൂലധന നിക്ഷേപത്തിന് ആനുപാധികമായി ഈ സ്ഥാപനത്തിൽ നിന്ന് 5000 രൂപ ലൈസൻസ് ഫീ ആയി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 1000/-രൂപ മാത്രമാണ് ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയിരിക്കുന്നത്.

2. സ്ഥാപനങ്ങളിൽ മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീ ഈടാക്കുന്നില്ല.

അപേക്ഷ പ്രകാരമുള്ള സ്ഥാപനത്തിന്റെ പേരും ലൈസൻസ് കുതിര ശക്തി വിവരങ്ങളും ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | മോട്ടോറിന്റെ കുതിരശക്തി |
|---|---|---|---|
| 1 | കൊപ്പാറ എന്റർപ്രൈസസ് ആൻഡ് കോപ്പി സൊല്യൂഷൻസ് | X/610 | 120.692* |
| 2 | രാധ ഇൻഡസ്ട്രീസ് ഇടവട്ടം | Xii/343 | 20 |
| 3 | ഖാദറിയ ഫ്ലോർ മിൽ | Xiii/834,835 | 10 |
| 4 | അൽസാജ് സ്പ്ലിന്റ്സ് | Xvii/165,166,167 | 22 |

* - കണക്റ്റഡ് ലോഡ് ആണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത് - സ്ഥാപിച്ചിരിക്കുന്ന മോട്ടോറിന്റെ കുതിര ശക്തിയുടെ വിവരങ്ങൾ സ്ഥലപരിശോധന നടത്തി കൃത്യമായി നിർണ്ണയിക്കേണ്ടതാണ്.

മേൽ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് കോപ്പാറ എന്റർപ്രൈസസ് ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന 4000/- രൂപയും മോട്ടർ ഫീ ഇനത്തിൽ 1000/- രൂപയും 12.07.2022 ൽ രസീത് നമ്പർ 1220101540 പ്രകാരം ഒടുക്കവരുത്തിയിട്ടുണ്ട്. ക്രമനമ്പർ 2, 3, 4 പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് മോട്ടർ ഫീ ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 2A/07.07.2022

1-14 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1) പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 സെക്ഷൻ 204 (1) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുന്ന ഏതൊരു വ്യക്തിയും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥനാണ് എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസിനായി ലഭിച്ച അപേക്ഷകളും പരിശോധിച്ചതിൽ നിന്നും താഴെ രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ ലൈസൻസിനായി നൽകിയ അപേക്ഷകളിൽ, ഈ സ്ഥാപനങ്ങളിൽ ഒന്നിൽ അധികം ജീവനക്കാർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രേഖയില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസിനുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| ശ്രീറാം വുഡ് ഇൻഡസ്ട്രീസ്, കുഴിയം | Xv/145 | 9 |
| ബാസ് ഏജൻസീസ്, ഇളംമ്പള്ളൂർ | Vi/553,554,555 | 6 |
| സാധാ എക്സ്പോർട്ട്സ്, ചന്ദനത്തോപ്പ് | Iii/64,65,66,67,68,69,70,71 | 200 |
| സാധാ എക്സ്പോർട്ട്സ്, ചന്ദനത്തോപ്പ് | Xii/581,602,603 | 7 |
| ഓൾ കേരള ബോട്ടിൽ സപ്ലൈസ്, താന്നിക്കമുക്ക് | Xiv/583 | 6 |
| കൊപ്പാറ എന്റർപ്രൈസസ്സ് & കോപ്പി സൊല്യൂഷൻസ് | X/610 | 17 |
| ഭഗവതി വുഡ് ഇൻഡസ്ട്രീസ് | Xvi/482 | 8 |
| ഫിനക്സ് പ്രിന്റ് വേൾഡ് | X/411 | 4 |

| | | |
|---|---|---|
| ജെനി ഫോർമുലേഷൻസ് | Xiii/838 | 3 |
| തമ്പുരാൻ ഫിനാൻസ്, ചന്ദനതോപ്പ് | Xv/773,774 | 3 |
| ഷാ മെറ്റൽ ക്രഷർ | Vi/198 | 6 |
| വിജയ ഇൻഡസ്ട്രീസ് | V/198 | 4 |
| രാധാ ഇൻഡസ്ട്രീസ്, ഇടവട്ടം | Xii/343 | 4 |
| ദേവി എന്റർപ്രൈസസ്, അഞ്ചാംകുറ്റി | Xviii/284,285 | 4 |
| അൽ സാജ് സ്പ്ലിന്റ്സ് | Xvii/165,166,167 | 9 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്ഥാപന മേധാവികൾക്ക് അറിയിപ്പ നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു.ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ഡിമാൻറ് നോട്ടീസ് പുറപ്പെടുവിച്ച് അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 3/07.07.2022

2. ക്ഷീര സംഘങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

1. ചെമ്മക്കാട് ക്ഷീരസഹകരണ സംഘം
2. നാന്തിരിക്കൽ ക്ഷീരസഹകരണ സംഘം
3. ചെറുമൂട് ക്ഷീരസഹകരണ സംഘം
4. ഇടവട്ടം ക്ഷീരസഹകരണ സംഘം
5. വെള്ളിമൺ ക്ഷീരസഹകരണ സംഘം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 12/13.07.2022

1-15 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി. ) 1699/17/ തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്. ജി. ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സെക്രട്ടറിയും എൽ.എസ്.ജി.ഡി

എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-16 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ-ൽ നിന്നും 3,47,466/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്നിനായി K.M.S.C.L-ൽ അടവാക്കിയ 17,33,543/- രൂപയിൽ 3,47,466/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബിൽ നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 01/2020-2021 പാലിയേറ്റീവ് കെയർ-പൊതു വിഭാഗം | 1,49,288/- | ബിൽ നം.32/8.01.2021 | PRF 3729/1.12.2020 | 1,10,856/- | 38,432/-രൂപ |
| 04/2020-21 പാലിയേറ്റീവ് കെയർ-മെയിന്റനൻസ് -റോഡ് ഇതരം | 15,84,255/- | ബിൽ നം.33/08.01.2021 | PRF 4016/23.12.2020 | 12,75,221/- | 3,09,034/-രൂപ |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 പെരിനാടൻ ജൈവ പച്ചക്കറികൃഷി - സബ്സിഡി അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 34/21, പെരിനാടൻ ജൈവ പച്ചക്കറികൃഷി |
| അടങ്കൽ തുക | 2,12,500/-, വികസനഫണ്ട് |
| ചെലവഴിച്ച തുക | 2,12,500/- ബിൽ നം 18/19-1-21<br>(1,37,500/- പച്ചക്കറി തൈകളുടെ വില, 75,000/- കൂലിച്ചെലവ്) |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പെരിനാടൻ ജൈവപച്ചക്കറികൃഷി എന്ന പദ്ധതിയിൽ (പദ്ധതി അംഗീകാരംനം PERI2/20 തീ 5-11-20) പഞ്ചായത്ത് പരിധിയിൽ 10സെന്റ് ഭൂമിയെങ്കിലുമുള്ള സ്ഥിരതാമസക്കാരായ ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരുന്നത്. ടി ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവനുസരിച്ച് ഒരു സെന്റ് ഭൂമിയിലെ കൃഷിക്ക് 50 പച്ചക്കറി തൈകളും സെന്റിന് 60 രൂപ നിരക്കിൽ കൂലിച്ചെലവും നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത് .മേൽ പദ്ധതിവഴി 62500 പച്ചക്കറി തൈകൾ 2.2 രൂപ നിരക്കിൽ 137500 രൂപ ചെലവഴിച്ച് ചിറ്റുമല ബ്ലോക്ക് ഹൈടെക് നഴ്സറി ഫാമിൽ നിന്നു വാങ്ങി (ഇൻവോയ്സ് നം 2787/11-1-21) കർഷകരുടെ 1250 സെന്റ് (5ഹെക്ടർ) ഭൂമിയിലെ കൃഷിക്കായി വിതരണം ചെയ്തയിനത്തിലും, കൂലിച്ചെലവിനായി സെൻറിന് 60 രൂപ നിരക്കിൽ 75000 രൂപ (1250*60) കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കിയ ഇനത്തിലും ആകെ 212500/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വിതരണ സ്റ്റേറ്റ്മെന്റ് നോട്ട് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു.) തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-5-20ലെ ജി.ഒ (ആർ.ടി)1009/20 നം. ഉത്തരവ് (സബ്സിഡി മാർഗ്ഗ രേഖാ ഭേദഗതി ഉത്തരവ്) ഖ 2-5-3 ൽ വിത്ത്, വളം, കീടനാശിനി തുടങ്ങിയവയ്ക്കായും മറ്റുകൂലിച്ചെലവുകൾക്കായും പച്ചക്കറി കൃഷിക്ക് ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം 20000/- രൂപയാണ്. ടി ഉത്തരവ് പ്രകാരം 5 ഹെക്ടറിലെ പച്ചക്കറി കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം 100000/-രൂപയാണ്. (ചെലവഴിക്കാവുന്ന തുക സെന്റിന് 80/-രൂ, ചെലവഴിച്ച തുക 170/-)അധികം തുക ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ

എൻക്വയറിക്ക്, കർഷകർ രണ്ട് സീസണിലായി രണ്ട് തരം കൃഷി നടത്തിയെന്നും രണ്ട് കൃഷിക്കുള്ള ചെലവാണെന്നമാണ് അറിയിച്ചിട്ടുള്ളത്. തൈവിതരണം കൂലിച്ചെലവ് എന്നിവ ഒറ്റത്തവണയായി നല്കുന്നതിന് പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും പദ്ധതിപ്രകാരം പച്ചക്കറിതൈകൾ ഒറ്റത്തവണയായി വാങ്ങി സ്റ്റോക്കിലെടുത്ത് കൂലിച്ചെലവുൾപ്പെടെ നല്കിയിട്ടുള്ളതിനാലും (11-1-20ൽ) മേൽ മറുപടി അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച 112500/-രൂ ഓഡിറ്റിൽ നിരാകരിക്കുന്നു.ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 112500/-
ഓഡിറ്റ് എൻക്വയറി നം - 5/8-7-22

1-18 തെങ്ങ് കൃഷി പുനരുദ്ധാരണം - സബ്സിഡി അധികം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 38/21, തെങ്ങ് കൃഷി പുനരുദ്ധാരണം |
| അടങ്കൽ തുക | (വികസനഫണ്ട് 215000/-, ഗുണഭോക്തൃവിഹിതം 157000/- (സ്ഥാപനത്തിൽ 5000/-, നേരിട്ട്- 152000/-) |
| ചെലവഴിച്ച തുക | 128700/- ( ബിൽ നം 32/5-2-21 തുക 117000/-, ബിൽ നം 33/27-2-21 തുക 8775/-, ഗുണഭോക്തൃവിഹിതം 2925/- |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തെങ്ങുകൃഷി പുനരുദ്ധാരണം എന്നപദ്ധതിയിൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം പുതിയ തൈകൾ വയ്ക്കുന്നതിനായി 2925/- രൂപ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 128700- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ മുറിച്ച് മാറ്റുന്ന തെങ്ങിന് 1000/- രൂപ നിരക്കിൽ ധനസഹായവുംപകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് 75 രൂപ നിരക്കിൽ സബ്സിഡിയുമാണ് അനുവദിച്ചത്. (തെങ്ങിൻ തൈയുടെ വില 100/*ഗുണഭോക്തൃവിഹിതം 25/- രൂപ നിരക്കിൽ).സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ6.1.5 പ്രകാരം പൊതുവായുള്ള തെങ്ങിൻതൈ വിതരണത്തിന് 75% സബ്സിഡി നല്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിലെ തെങ്ങിൻ തൈ വിതരണത്തിനും മറ്റാനുകൂല്യങ്ങൾക്കും കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് ( ഖ 8.1.12) വ്യക്തമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ 12-11-20 ലെ TB(1)13192/19 സർക്കുലറിലെ ഖ.f പ്രകാരം മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽകവിയാതെയും മുറിച്ച് മാറ്റിയവയ്ക്ക് 1000/- രൂപ നിരക്കിലുമാണ് നല്കാവുന്നത്. മേൽ പദ്ധതി വഴി രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റിയവർക്ക് 100 രൂപ നിരക്കിൽ 117 തെങ്ങിൻ തൈകൾ KAICO യിൽ നിന്നും 11700/- രൂപയ്ക്ക് (വികസനഫണ്ട് - 8775/-, ഗുണഭോക്തൃവിഹിതം 2925/-) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 50 രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് പകരം 25 രൂപ നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും 2925/- രൂപ മാത്രമാണ് കൃഷി ഓഫീസ് മുഖേന കളക്ട് ചെയ്തിട്ടുള്ളത്. പ്രോജക്ടിലും 25% ഗുണഭോക്തൃവിഹിതമാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ പ്രകാരം പദ്ധതി നടപ്പിലാക്കിയത് മൂലം 2925/-രൂപ (117 X 25) വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിരിക്കുന്നു. സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 2925/-രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക പദ്ധതി നിർവഹണാധികാരിയിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പൊതുവായുള്ള തൈ വിതരണത്തിനുള്ള നിരക്കിൽ സബ്സിഡി നൽകിയെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ പദ്ധതിക്ക് ടി നിരക്ക് ബാധകമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

നിരാകരിക്കുന്ന തുക - 2925/-രൂപ
ഓഡിറ്റ് എൻക്വയറി നം - 5/8-7-22

1-19 ഇടവട്ടം പാടശേഖരത്തിന് കുഴൽ കിണർ നിർമ്മാണം - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 43/21, ഇടവട്ടം പാടശേഖരത്തിന് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ തുക | 400000/-, വികസനഫണ്ട് ധനകാര്യകമ്മീഷൻ |
| ചെലവഴിച്ച തുക | 400000/- ബിൽ നം 36/31-3-21 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി ഇടവട്ടം പാടശേഖരത്തിന് കുഴൽ

കിണർ നിർമ്മാണത്തിനായി തൻവർഷം 400000/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ ഖ.6.1.10 പ്രകാരം കർഷകരുടെയും കർഷക ഗ്രൂപ്പുകളുടെയും കൃഷിയിടങ്ങളിൽ പുതിയ ജലസേചന കിണർ (തുറന്ന കിണർ) നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പ്രവർത്തികൾ നടത്തേണ്ടതാണെന്നും അതിനു കഴിയുന്നില്ലെങ്കിൽ വികസനഫണ്ട് ഉപയോഗിക്കാമെന്നും എൽ.എസ്.ജി.ഡി എ.ഇയുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നല്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗ രേഖ പ്രകാരം ജലസേചന കിണർ നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് 50%, എസ്.സിക്ക് 75%, എസ്.ടി വിഭാഗത്തിന് 100% സബ്സിഡിയുമാണ് അനുവദനീയം. എന്നാൽ മേൽ പദ്ധതിയിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക നിക്ഷേപിച്ചിരിക്കുകയാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 400000/- രൂപ നിരാകരിക്കുന്നു. കുഴൽകിണർ നിർമ്മാണ പ്രവർത്തികൾ നിലവിലും ആരംഭിക്കാത്തതിനാൽ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക - 400000/-

ഓഡിറ്റ് എൻക്വയറി നം - 5/8-7-22

1-20 പെരിനാട് സുഗന്ധവിള സമിതിക്ക് റിവോൾവിംഗ് ഫണ്ട് - നിർദ്ദേശങ്ങൾ പാലിക്കുന്നില്ല - ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 34/21, പെരിനാട് സുഗന്ധവിള സമിതിക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ തുക | തുക 60000/-, വികസനഫണ്ട് |
| ചെലവഴിച്ച തുക | 60000/- ബിൽ നം 10/13-10-20 |

പെരിനാട് സുഗന്ധവിള സമിതിക്ക് റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതിയിൽ സുഗന്ധ വിള കൃഷിയിൽ താല്പര്യം ഉള്ളവരും ഏറ്റവും കുറഞ്ഞത് 25 അംഗങ്ങളുള്ളതും പഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്തതുമായ ഗ്രൂപ്പുകൾക്ക് റിവോൾവിങ് ഫണ്ട് നല്കുന്നതിനും ടി തുക കൈപ്പറ്റിയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ സമിതിയുടെ അക്കൗണ്ടിൽ തിരികെ അടയ്ക്കുന്നതിനുമായിരുന്നു പദ്ധതി നിർദ്ദേശം. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഒരു ഹെക്ടറിന് പരമാവധി 30,000/- രൂപ റിവോൾവിംഗ് ഫണ്ട് നൽകാമെന്നും റിവോൾവിങ് ഫണ്ട്, സബ്സിഡിയോ ധനസഹായമോ അല്ലെന്നും തുക തിരികെ അടയ്ക്കേണ്ടതും ഗ്രൂപ്പിൽ റിവോൾവ് ചെയ്യേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സമിതിയുടെ രജിസ്ട്രേഷൻ രേഖകൾ, അംഗങ്ങളുടെ വിവരം എന്നിവ ഹാജരാക്കിയെങ്കിലും കൃഷി ഭൂമിയെസംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. സ്ഥല പരിശോധനയ്ക്കായി കൃഷി സ്ഥലം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടതിൽ നിലവിൽ സുഗന്ധവിള കൃഷി നടക്കുന്നില്ലെന്നും ഉടൻതന്നെ കൃഷി ആരംഭിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. സമിതിയുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ തുക തിരിച്ചടവ് നടക്കുന്നില്ലെന്നും ആയതുകൊണ്ടു തന്നെ തുക സമിതിയിൽ റിവോൾവ് ചെയ്യുന്നില്ലെന്നും ഓഡിറ്റിന് ബോധ്യപ്പെട്ടു. മേൽക്കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 60000/- രൂ തടസ്സപ്പെടുത്തുന്നു. പദ്ധതി വിഭാവനം ചെയ്തിരുന്ന വിധം നടക്കുന്നു എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക-60000/-

ഓഡിറ്റ് എൻക്വയറി നം - 5/8-7-22

1-21 നാളികേര സൊസൈറ്റിയ്ക്ക് മൂല്യവർദ്ധിത ഉല്പന്ന നിർമാണത്തിന് സഹായം.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | നാളികേര മൂല്യവർദ്ധിത ഉല്പന്ന നിർമാണത്തിന് സഹായം |
| അടങ്കൽ തുക | തുക 1000000/-, ജില്ലാ പഞ്ചായത്ത് ഫണ്ട് |
| ചെലവഴിച്ച തുക | 1000000/- (തുക 368918/- (ചെക്ക് നം 6785584/30-3-21)<br>തുക 603771/- (ചെക്ക് നം 6782283/29-3-21)<br>തുക 27311/- (ചെക്ക് നം 5870335/1-3-21) |

നാളികേര സൊസൈറ്റിക്ക് മൂല്യവർദ്ധിത ഉല്പന്ന നിർമാണത്തിന് യന്ത്രങ്ങൾ,ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുമായി തൻവർഷം 1000000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖപ്രകാരം പദ്ധതിക്ക് അനുയോജ്യമായ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത്

നോഡൽ ഏജൻസിയായി സംയുക്ത പ്രോജക്ടായി നടപ്പാക്കാനാണ് മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും, ജില്ലാ പഞ്ചായത്ത് വിഹിതം നൽകി ഗ്രാമപഞ്ചായത്താണ് പദ്ധതി നടപ്പിലാക്കിയത്. അതിനാൽ മേൽ പദ്ധതിക്ക് യൂണീറ്റ് കോസ്റ്റ് നിശ്ചയിച്ച് ആനുകൂല്യങ്ങൾ ടി തുകയിൽ ലിമിറ്റ് ചെയ്യേണ്ടതും അധികമായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

1-22 ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | പ്രോ നം 222/21 ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി ( 2019-20ലെ 122/20 ന്റെ സ്പിൽ ഓവർ) |
| അടങ്കൽ തുക | 167010/-, വികസന ഫണ്ട് |
| ചെലവഴിച്ച തുക | 167010/- ബിൽ നം 6/15-9-20 |

ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി എന്ന പദ്ധതിക്ക്, നെൽപ്പാടങ്ങളിലെ മണ്ണിന്റെ ഫലഭ്രയിഷ്ഠി വർദ്ധിപ്പിക്കുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പയർ വർഗ്ഗവിളകളുടെ കൃഷി നടത്തുന്നതിനാണ് അംഗീകാരം ലഭിച്ചിരുന്നത്. മേൽ പദ്ധതി വഴി വിവിധയിനം പയർ വിത്തുകൾവാങ്ങുന്നതിനായി 71010/- രൂപയും കൂലിച്ചെലവിനത്തിൽ 96000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. (കൂലിച്ചെലവിനത്തിലുള്ള തുക പാടശേഖരസമിതികളുടെ അക്കൗണ്ടിലേക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ഇടവട്ടം പാടശേഖര സമിതി – 36000/- കുഴിയം പാടശേഖരസമിതി – 60000/-) 2019-20 ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെൽക്യഷി, പച്ചക്കറിക്യഷി എന്നിവയ്ക്ക് മാത്രമാണ് കൂലിച്ചെലവ് സബ്സിഡി നല്കാവുന്നത്. മണ്ണിന്റെ ഫലഭ്രയിഷ്ഠി വർദ്ധിപ്പിക്കുന്നതിനായുള്ള പയർ കൃഷിക്ക് കൂലിച്ചെലവ് അനുവദനീയമല്ല. അതിനാൽ കൂലിച്ചെലവിനത്തിൽ നല്കിയ തുക നിരാകരിക്കുന്നു. പാടശേഖര സമിതികളിൽ നിന്നും തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ പാടശേഖരസമിതികളുടെ അക്കൗണ്ടിലേക്ക് കൂലിച്ചെലവിനത്തിലുള്ള തുക വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വിത്ത് വിതരണരേഖകളോ കൃഷി ഭൂമിയിൽ കൃഷി നടത്തിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ഹാജരാക്കുന്നത് വരെ വിത്ത് വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച 71010/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക-71010/-

നിരാകരിക്കുന്ന തുക 96000/-

ഓഡിറ്റ് എൻക്വയറി നം 5/8-7-22

1-23 സമഗ്ര നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1. സബ്സിഡി അധികം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 37/21 സമഗ്ര നെൽകൃഷി വികസനം. |
| അടങ്കൽ തുക | 1976800/-(വികസന ഫണ്ട് - 1113020/-<br>തനത്ഫണ്ട് 29280/-, ബ്ലോക്ക് പഞ്ചായത്ത് - 170000/-,<br>ജില്ലാപഞ്ചായത്ത് – 510000/- ഉ.വി.നേരിട്ട് - 154500/-) |
| ചെലവഴിച്ച തുക | 1820024/-(വികസന ഫണ്ട് 1113020/-(ബിൽനം 3/28-7-20 തുക- 141120/-, ബിൽ നം 14/8-1-21 തുക- 453948/-, ബിൽ നം 16/8-1-21 തുക- 126000/-, ബിൽ നം 30/28-1-21 തുക- 391952/-)<br>തനത്ഫണ്ട്- 27004/- (ചെക്ക് നം 2626285/27-1-21 തുക- 25744/-, ചെക്ക് നം 2626291/5-2-21 തുക - 1260/-).<br>ബ്ലോക്ക് പഞ്ചായത്ത്- 170000/-(ബിൽ നം 34/16-3-21),<br>ജില്ലാപഞ്ചായത്ത്- 510000/-(ബിൽ നം 35/16-3-21<br>തുക- 340000/-, ബിൽ നം 11/13-10-20 തുക- 170000/- ) |

മേൽ പദ്ധതി വഴി ഗ്രാമപഞ്ചായത്തിലെ 80 ഹെക്ടറിലെ നെൽകൃഷിക്ക് (വിരിപ്പ് 40 ഹെക്ടർ & മുണ്ടകൻ 40 ഹെക്ടർ) വിത്ത്, വളം, കൂലിച്ചെലവ് എന്നിവയ്ക്കായി 1820024/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ നെൽവിത്ത്

വാങ്ങുന്നതിനായി ചെലവഴിച്ച 268380/-രൂപ ഒഴികെയുള്ള 1551644/-രൂപ ഇരുപ്പൂ കൃഷിയ്ക്കായി ഇടവട്ടം, (വിരിപ്പ് 20 ഹെക്ടർ & മുണ്ടകൻ 18 ഹെക്ടർ തുക – 737198/-) കഴിയം (വിരിപ്പ് 20 ഹെക്ടർ & മുണ്ടകൻ 22 ഹെക്ടർ തുക- 814446/-രു) പാടശേഖരസമിതികളുടെ അക്കൗണ്ടിലേക്കാണ് നല്കിയിട്ടുള്ളത്. ടി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പുതുക്കിയ സബ്സിഡി മാർഗ്ഗരേഖപ്രകാരം (ജി.ഒ(എം.എസ്) 1009/20 ത.സ്വ.ഭ.വ 29-5-20 പ്രകാരം നെൽകൃഷിക്ക് വിത്ത് വളം കീടനാശിനി തുടങ്ങിയ ചെലവുകൾക്കായി ഒരു ഹെക്ടറിന് ചെലവഴിക്കാവുന്ന പരമാവധി തുക 22000/-രൂപയാണ്. ഈ നിരക്ക് പ്രകാരം 80 ഹെക്ടറിലെ കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി തുക 1760000/-രൂപയാണ്. എന്നാൽ പദ്ധതിയിൽ 80 ഹെക്ടറിലെ കൃഷിക്ക് വിത്ത്, വളം, കൂലിച്ചെലവ് എന്നിവ ഉൾപ്പെടെ ആകെ ചെലവഴിച്ചത് 1820024/-രൂപയാണ്. അധികമായി ചെലവഴിച്ച 60024/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നല്കിയ തുക പദ്ധതി നിർവഹണാധികാരിയിൽ നിന്നും ഈടാക്കി യഥാഫണ്ടുകളിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

2. നെൽക്കൃഷി വികസനത്തിന് കൃഷി ഭൂമിയുടെ വിസ്തൃതിക്കാനുപാതികമായി സബ്സിഡി ആനുകൂല്യം നല്കണമെന്നിരിക്കെ ഒരു വ്യക്തിയുടെ പോലും ഭൂമിയുടെ അളവ് സംബന്ധിച്ച രേഖകളോ, അപേക്ഷകളോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഹാജരാക്കാതെയാണ് തുകകൾ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. മേൽ വിഷയത്തിൽ 90% കർഷകരും മറ്റുള്ളവരുടെ കൃഷി ഭൂമിയിൽ കൃഷി ചെയ്യുന്നവരാണെന്നും ടിയാളുകൾക്ക് രേഖകൾ ഹാജരാക്കാൻ കഴിയാത്ത സാഹചര്യമാണെന്നാണ് എൻക്വയറിക്ക് മറുപടിയായി കൃഷി ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടിയിൽ നിന്ന് തന്നെ ഭൂമിയുടെ അളവിന്റെ കാര്യത്തിൽ കൃത്യതയില്ലെന്ന് ബോധ്യപ്പെട്ടു. പാട്ടക്കരാറില്ലാതെ മറ്റുള്ളവരുടെ ഭൂമിയിൽ വൻതോതിൽ കൃഷിചെയ്യുമ്പോൾ വിളവെടുക്കാൻ ഉടമസ്ഥൻ സമ്മതിക്കാതിരുന്നാലോ ഏതെങ്കിലും തരത്തിൽ വിള നശിച്ചു പോയാലോ പരാതിപ്പെടാനുള്ള അർഹത പോലും കർഷകന് ലഭിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലും പാട്ടക്കൃഷി ചെയ്യുന്നതിന് സ്ഥലമുടമ നല്കിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൃഷി ഭൂമിയുടെ രേഖകളോ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച റവന്യൂ അധികാരികളുടെ സാക്ഷ്യപത്രമോ ഇല്ലാതെ സബ്സിഡി വിതരണം ചെയ്തിരിക്കുന്നതിനാൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 1820024/-രൂപയിൽ നിരാകരിച്ച തുക 60024/-രൂപ ഒഴികെയുള്ള 1760000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3. കർഷകർക്ക് ബാങ്ക് അക്കൗണ്ട് മുഖേന ആനുകൂല്യം നല്കുന്നില്ല.

തൻവർഷം വളം, കൂലിച്ചെലവ് എന്നിയിനത്തിൽ പിൻവലിച്ച 1551644/-രൂപ പാടശേഖരസമിതികളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പാടശേഖരസമിതി തുക പിൻവലിച്ച് ക്യാഷായി കർഷകർക്ക് നല്കിയതായാണ് അറിയിച്ചിട്ടുള്ളത് (സ്റ്റേറ്റ്മെന്റിൽ കർഷകർ ഒപ്പിട്ടതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്). അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിച്ചു എന്നുറപ്പാക്കുന്നതിനും നടപടിക്രമങ്ങളിലെ സുതാര്യതയ്ക്കും ബാങ്ക് അക്കൗണ്ട് മുഖേന ആനുകൂല്യം നല്കുന്നത് ഉചിതമായതിനാൽ കർഷകർക്കുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് മുഖേന ലഭ്യമാക്കേണ്ടതും കൃഷിഭൂമിയുടെ കൈവശ/പാട്ടാവകാശരേഖകൾ ലഭ്യമാക്കി വസ്തുവിന്റെ അളവിനനുസരിച്ച് ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്.

നിരാകരിക്കുന്ന തുക-60024/-

തടസ്സപ്പെടുത്തുന്ന തുക-1760000/-

ഓഡിറ്റ് എൻക്വയറി നം - 5/8-7-22

## 1-24 കര നെൽകൃഷി - നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 220/21 കരനെൽകൃഷി |
| അടങ്കൽ തുക | തുക 630360/-(വികസന ഫണ്ട്- 130360/- ബ്ലോക്ക് പഞ്ചായത്ത് 125000/-, ജില്ലാപഞ്ചായത്ത്- 125000/- ഗ്ര.വി.നേരിട്ട്- 250000/-) |
| ചെലവഴിച്ച തുക | 380360/-(വികസന ഫണ്ട്- 130360/- ബിൽ നം 22/19-1-21 തുക 12600/- ബിൽ നം 26/19-1-21 4800/-ബിൽ നം 23/19-1-21 തുക 75000/-ബിൽ നം 24/19-1-21 തുക 37960/-)<br>ബ്ലോക്ക് പഞ്ചായത്ത്- 125000/- (ബിൽ നം 37/31-3-21),<br>ജില്ലാപഞ്ചായത്ത്- 125000/- ബിൽ നം 25/19-1-21) |

കരനെൽകൃഷി എന്ന പദ്ധതിക്കായി 10 ഹെക്ടറിലെ വിത്ത്, വളം, കൂലിച്ചെലവ് എന്നീയിനത്തിൽ 380360/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പദ്ധതി തരിശ്ഭൂമി കൃഷിക്ക് ബാധകമായ സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിലും ഒരു അപേക്ഷയിൽപോലും കൃഷി ഓഫീസർ തരിശ് ഭൂമിയാണെന്നതിന്റെ സാക്ഷ്യപത്രം (മൂന്ന് വർഷത്തിലധികം കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമി) രേഖപ്പെടുത്തിയിട്ടില്ല. (തരിശ്ഭൂമി കൃഷിക്ക് ഹെക്ടറിന് 40000/- രൂപയും സ്ഥിരം കൃഷിക്ക് ഹെക്ടറിന് 22000/- രൂപയും സബ്സിഡി).

2. 10 ഹെക്ടറിലെ കൃഷിക്കായി 435 കി.ഗ്രാം നെൽവിത്താണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. സ്ഥിരം കൃഷിക്ക് ഒരു ഹെക്ടറിന് 80 കി.ഗ്രാം പ്രകാരം 10 ഹെക്ടറിന് 800 കി.ഗ്രാം നെൽ വിത്ത് ആവശ്യമായതിനാൽ കൃഷി ഭൂമിയുടെ അളവ് സംബന്ധിച്ചും അവ്യക്തതയുണ്ട്. മേൽക്കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 380360/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക- 380360/- രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ – 5/08.07.22

1-25 സമഗ്ര ജൈവകിഴങ്ങുവിളകൃഷി - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 216/21, സമഗ്ര ജൈവകിഴങ്ങുവിളകൃഷി (197/20 ന്റെ സ്പിൽഓവർ) |
| അടങ്കൽ തുക | ആകെ തുക - 42000/- (അവാർഡ് തുക-) |
| ചെലവഴിച്ച തുക | 42000/-ചെക്ക്<br>(ചെക്ക് നം- 0785239/18-12-20, തുക 42000/- |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20ൽ നടപ്പിലാക്കിയ 197/20 എന്ന പദ്ധതിയിൽ 50 ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് 50 സെന്റ് ഭൂമിയിൽ വീതം കൃഷി ചെയ്യുന്നതിന് 4000/- രൂപയുടെ വീതം കിഴങ്ങുവിള വിത്തുകൾ 100% സബ്സിഡിയിലും (200000/-) ജൈവവളം, ജൈവകീടനാശിനി എന്നിവയ്ക്ക് വിലയുടെ 75% സബ്സിഡിയിൽ യഥാക്രമം 1500/-, 500/- രൂപയിൽ (58000/-) ലിമിറ്റ് ചെയ്ത് നൽകുന്നതിനുമായി ആണ് പ്രോജക്ട് ആസൂത്രണം ചെയ്തിരുന്നത്. 50 ഗ്രൂപ്പുകൾക്കും കിഴങ്ങുവിളവിത്തുകൾ 2019-20ൽ തന്നെ വിതരണം ചെയ്തിരുന്നെങ്കിലും ജൈവവളം, ജൈവകീടനാശിനി എന്നിവയുടെ സബ്സിഡി 21 ഗ്രൂപ്പുകൾക്ക് മാത്രം തൻ വർഷം 216/21 എന്ന പദ്ധതി വഴിയാണ് വിതരണം ചെയ്തിട്ടുള്ളത്. മേൽ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ 21 ഗ്രൂപ്പുകളും 1500/-രൂപയുടെ ജൈവവളം വാങ്ങിയതിന്റെ വൗച്ചറുകൾ ഹാരാക്കിയിരുന്നെങ്കിലും ജൈവകീടനാശിനി വാങ്ങിയതിന്റെ ബില്ലുകൾ (വാങ്ങിയ സ്ഥാപനത്തിൽ നിന്നുള്ള) ഹാജരാക്കിയിരുന്നില്ല. മേൽ രേഖകളുടെ അഭാവത്തിൽ ജൈവകീടനാശിനി സബ്സിഡിയിനത്തിൽ ചെലവഴിച്ച 10500/- (21*500) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 10500/-
ഓഡിറ്റ് എൻക്വയറി നം - 5/8-7-22

1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി, വെറ്ററിനറി സർജൻ ഉടങ്ങിയ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം പൂർത്തീകരണ രേഖകൾ എന്നിവ ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക, ഫണ്ട് | ചെലവഴിച്ച തുക (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക(രൂപ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 192//21 പുതിയ ട്യൂബ് വെൽ നിർമ്മാണം-വാർഡ് 14, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 959784/-(ബിൽ നം 23/16-3-21) | 959784/- | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 2 | 287/21, ചെറുമൂട് മാർക്കറ്റിൽ കുഴൽ ക്കിണർ നിർമ്മാണം, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 959784/-(ബിൽ നം23/16-3-21) | 959784/- | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 3 | 295/21 പഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള ഓപ്പൺ ഓഡിറ്റോറിയത്തിന് സമീപം കുഴൽ കിണർ നിർമ്മാണം, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 959784/-(ബിൽ നം23/16-3-21) | 959784/- | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 4 | 269/21 ചിറക്കോണം കുഴൽക്കിണറിന് പമ്പ് ഹൗസ് നിർമ്മാണവും പൈപ്പ് ലൈൻ ദീർഘിപ്പിക്കലും, ധനകാര്യകമ്മീഷൻ ഗ്രാന്റ്, വാട്ടർ അതോറിറ്റി | 1250000/-(ബിൽ നം 24/16-3-21) | 1250000/- | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 5 | 183/21 കന്നുകുട്ടി പരിപാലനം, വികസനഫണ്ട്- 625000/- | 625000/-(ബിൽ നം 1/21-4-20) | 625000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| | | ആകെ | 4754352/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക- 4754352/-രൂപ (4129352 + 625000)
ഓഡിറ്റ് എൻക്വയറി നം- 10/13-7-22,
ഓഡിറ്റ് എൻക്വയറി നം- 2/6-7-22,

1-27 മഴക്കാലപൂർവ്വ ശുചീകരണം രേഖകൾ ഹാജരാക്കിയില്ല.

മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി 200000/-രൂപ (914580/13-5-20) മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 200000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക- 200000/-

ഓഡിറ്റ് എൻക്വയറി നം - 10/13-7-22

1-28 വീട്ടുവളപ്പിലെ കുളത്തിലെ കൃഷി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പ്രോജക്ട് നം | 228/21 വീട്ടുവളപ്പിലെ കുളത്തിലെ കൃഷി (മത്സ്യ കൃഷി പടുതാക്കുളം) |
| അടങ്കൽ തുക | 738000/-(വികസനഫണ്ട് ജനറൽ- 75600/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം-121200/-<br>ഗുണഭോക്തൃവിഹിതം- 541200/-) |
| ചെലവഴിച്ച തുക | 108454/-(ജില്ലാ പഞ്ചായത്ത് വിഹിതം- ബിൽ നം 2/31-3-21) |

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യകൃഷി എന്നീ പദ്ധതികളുടെ പരിശോധനയിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചതായി ബോധ്യപ്പെട്ടു. തൻവർഷം പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം ചെലവഴിച്ചതുക (ഇനം തിരിച്ചുള്ള ചെലവിൽ ലിമിറ്റ് ചെയ്തിട്ടില്ല) | അനുവദിച്ച സബ്സിഡി. |
|---|---|---|---|
| 1 | ചന്ദ്രബോസ് | 41756/- | 11454/- |
| 2 | ജോൺ | 53521/- | 19400/- |
| 3 | അബ്ദുൾ ലത്തീഫ് | 52941/- | 19400/- |

| | | | |
|---|---|---|---|
| 4 | രഘു | 63934/- | 19400/- |
| 5 | ഉണ്ണിമോഹൻ | 59313/- | 19400/- |
| 6 | ശ്യാമള | 66800/- | 19400/- |
| | | ആകെ | 108454/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29-5-20ലെ ജി.ഒ(ആർ.ടി) 1009/20 നം ഉത്തരവ് ഖണ്ഡിക 4.2 പ്രകാരംവീട്ടുവളപ്പിലെ കുളത്തിലെ മത്സ്യ കൃഷിയുടെ യൂണിറ്റ് ചെലവ്, നല്കാവുന്ന സബ്സിഡി, മുതലായവ ചുവടെ ചേർക്കും പ്രകാരമാണ്.

ആകെ യൂണിറ്റ് ചെലവ് 123000/-, ഗുണഭോക്തൃവിഹിതം 73800/-, നല്കാവുന്ന പരമാവധി സബ്സിഡി- ആകെ 49200/-, (123000-73800) തദ്ദേശഭരണസ്ഥാപനം 32800/-, ഫിഷറീസ് വകുപ്പ് 16400/-

എ). അടിസ്ഥാന സൗകര്യ വികസനം 74000/- രൂപ (കുളംകുഴിക്കൽ-18400/-, പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും -38000/-, വാട്ടർ പമ്പ്-വെഞ്ചുർ പമ്പ് സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ – 17600/-)

ബി). പ്രവർത്തനചെലവുകൾ 49000/- (മത്സ്യവിത്ത്- 6000/-രൂപ, തീറ്റ- 41000/-രൂപ, മെഡിസിൻ- 2000/-രൂപ)

മേൽ ഉത്തരവ് പ്രകാരം ഇനം തിരിച്ചുള്ള ചെലവിൽ ലിമിറ്റ് ചെയ്ത് 123000/-രൂപ ചെലവഴിക്കുന്ന ഗുണഭോക്താവിന് മാത്രമാണ് 73800/-രൂപ ഗു.വി കഴിച്ച് 32800/-രൂപ തദ്ദേശസ്ഥാപന വിഹിതമായി അനുവദിക്കാവുന്നത്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് തുടർ വർഷത്തെ സബ്സിഡിയുൾപ്പെടെ 32800/-രൂപ വീതം വിതരണം ചെയ്തതായാണ് അറിയിച്ചിട്ടുള്ളത്. പൂർണ്ണമായ ചെലവ് രേഖകൾ ലഭ്യമായതിന് ശേഷം മാത്രം സബ്സിഡി തുക നല്കേണ്ടതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തൻവർഷം ചെലവഴിച്ച 108454/- രൂപ തടസ്സപ്പെടുത്തുന്നു. പൂർണ്ണമായ ചെലവ് രേഖകളും സബ്സിഡി ലിമിറ്റ് ചെയ്തതിന്റെ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 108454/- രൂപ

ഓഡിറ്റ് എൻക്വയറി നം. - 1/05.07.22

### 1-29 മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നം. | 186/21 മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ |
| അടങ്കൽ തുക | 100,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവഴിച്ച തുക | 1,00,000/-രൂപ (ബിൽ നം 4/ 21-4-20) |

വെറ്ററിനറി ആശുപത്രിക്ക് ആവശ്യമായ മരുന്നുകളും അനുബന്ധസാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ വകുപ്പിൽ നിന്നുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണവകുപ്പിലെ നടപടിക്രമങ്ങൾ പ്രകാരം മരുന്നുകൾ വാങ്ങിക്കാവുന്നതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ വകുപ്പിൽ നിന്നുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ 1,00,000/-രൂപയുടെ മരുന്ന് വാങ്ങിയിരിക്കുകയാണ്. മാർഗ്ഗരേഖാവിരുദ്ധമായി ചെലവഴിച്ച 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തടസ്സപ്പെടുത്തുന്ന തുക-1,00,000/-രൂപ.
ഓഡിറ്റ് എൻക്വയറി നം. 2/6-7-2022

### 1-30 നിശ്ചിത തീയതിയ്ക്ക് മുമ്പ് കരാറിൽ ഏർപ്പെട്ടില്ല - കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
പ്രോജക്റ്റ് നം.120/21- പാലവിള ടി. സി. എം. റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ. അൻഷർ എസ്-ന് അസിസ്റ്റന്റ് എൻജിനീയർ 11.09.20-ലെ 120/20-21 നമ്പർ കത്ത് പ്രകാരം സെലക്ഷൻ നോട്ടിസ് നൽകി. ടിയാൾക്ക് പിഴ (1%) കൂടാതെ കരാറിൽ ഏർപ്പെടുന്നതിന് അനുവദിച്ച സമയം 24.09.2020 വരെ ആയിരിക്കെ 06.10.2020 -ന് 36/എ. ഇ. /എൽ. എസ്. ജി. ഡി /പി. എൻ. ഡി. നമ്പർ പ്രകാരമാണ് കരാർ വച്ചിട്ടുള്ളത്. പി.എ.സി.തുക 1,70,250/-രൂപ ആയതിനാൽ 1 % പിഴ തുകയായ 1,703/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കരാറുകാരനു അറിയിപ്പ് നൽകിയതായും തുക ഈടാക്കി അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 9/12.07.2022

### 1-31 കറവപ്പശുവിന് ധാതുലവണമിശ്രിതം - വിതരണരേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം – 25
അടങ്കൽതുക – 50000/-(വികസനഫണ്ട്)
ചെലവ്തുക - 50000/-
ബിൽനം – 5/21 തീയതി-10/3/21
2020-21 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പദ്ധതിയാണ് കറവപ്പശുവിന് ധാതുലവണമിശ്രിതം വാങ്ങൽ. പ്രസ്തുത പദ്ധതി പ്രകാരം അംഗീകൃത സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്ന് ഒരുകിലോ വീതമുള്ള കേരമിൻ ധാതുലവണം ആവശ്യകതക്കനുസരിച്ച് മൃഗാശുപത്രിയിലോ, സഹകരണസംഘങ്ങളിലോ എത്തിച്ചുനൽകുന്നു. 23/10/20ലെ കേരള ഫീഡ്സ് ലിമിറ്റഡിലെ KEL/KPLY/344/18/1015/20 നം കത്ത് പ്രകാരം കേരളാ ഫീഡ്സിന്റെ അക്കൌണ്ട് നം-KFLTSRKGDO3006 ലേക്ക് 50000/-രൂപ നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 10/2/21ലെ കേരള ഫീഡ്സിന്റെ തുക കൈപ്പറ്റിയ കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സിൽ നിന്നും ധാതുലവണമിശ്രിതം സഹകരണസംഘത്തിൽ എത്തിച്ചതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണംചെയ്തതിന്റെയും രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ധാതുലവണം വന്നതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കുന്നതുവരെ ടിയിനത്തിൽ ചെലവഴിച്ച 50000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം – 50000/-
ഓഡിറ്റ് എൻക്വയറി നം- 4 തീയതി-12/7/22

## 1-32 ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി - ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു.

2020-2021 സാമ്പത്തിക വർഷത്തിൽ തോട് നവീകരണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്- വിശദമായ എസ്റ്റിമേറ്റിൽ 2.3.1 Code- ൽ Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങൾ ഉൾപ്പെടെയാണ് 192.758/എം.3 രൂപ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ ടി ഇനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഒഴിവാക്കി അനുവദിയ്ക്കാവുന്ന നിരക്ക് 157.18/എം.$^3$ രൂപ ആയിരിക്കെ 189.45/ എം.$^3$ രൂപ നിരക്കിൽ തൊഴിലാളികൾക്ക് കൂലി നൽകി. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.
അധികമായി 32.27രൂപ/എം.$^3$ അനുവദിച്ചതിനാൽ വിവിധ പ്രവൃത്തികളിലായി 5,447/-രൂപ തൊഴിലാളികൾക്ക് അനർഹമായി അനുവദിച്ചിട്ടുണ്ട്.
വിശദാംശങ്ങൾ ഖണ്ഡിക 3.1-ൽ ചേർത്തിട്ടുണ്ട്.

## 1-33 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-2021 സാമ്പത്തിക വർഷത്തിൽ കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 88464 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 109 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 2,72,29,499/-രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.
രേഖകളുടെ പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ
1. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
2. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.
3. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
4. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്.
5. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012–ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. കരാറുകാരുടേയും ഇൻവോയിസുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അല്ല.(കരാറുകാർക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത മറ്റ് സ്ഥാപനങ്ങളുടെ ബില്ലുകൾ ഉൾപ്പെടുത്തുന്നു).
6. തോട് നവീകരണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട് - വിശദമായ എസ്റ്റിമേറ്റിൽ 2.3.1 Code-ൽ Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങൾ ഉൾപ്പെടെയാണ് 192.758/എം.3 രൂപ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ ടി

ഇനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഒഴിവാക്കി അനുവദിയ്ക്കാവുന്ന നിരക്ക് 157.18/എം.3 രൂപ ആയിരിക്കേ 189.45/എം.3 രൂപ നിരക്കിൽ തൊഴിലാളികൾക്ക് കൂലി നൽകിയതിനാൽ 5,447/-രൂപ അനർഹമായി അനുവദിച്ചു. (ഖണ്ഡിക 3-1 കാണുക )

7. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

8. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

ഉദ്യോഗസ്ഥതല/ഭരണതല വീഴ്ചകൾ

1. ഗ്രാമസഭകൾ കൂടി അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം, സാമൂഹിക പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.

2. വാർഡ് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മറ്റി പ്രവർത്തിക്കുന്നില്ല.

വാർഡ് 19-ലെ മേറ്റായ ശ്രീമതി ഷീലാകുമാരി, കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിക്കുകയും 27.01.2021, 30.01.2021, 01.02.2021, 02.02.2021 എന്നീ തീയതികളിൽ കൃഷി ഭവനിലും തൊഴിലുറപ്പിന്റെ മസ്റ്റർ റോളിലും ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നതായി ലഭിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേറ്റിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വാർഡിലെ ചുമതല വഹിച്ചിരുന്ന ഓവർസീയറുടെ വീഴ്ച്ച ശ്രദ്ധേയമാണ്.

3. എസ്റ്റിമേറ്റിന്റെ വിവരം, ആവശ്യമായ തൊഴിൽ ദിനങ്ങൾ, പണിചെയ്യുന്നവരുടെ എണ്ണം എന്നിവ തൊഴിലാളിയുടെ/പൊതു ജനത്തിന്റെ അറിവിലേയ്ക്കായി എഴുതി പ്രദർശിപ്പിക്കുന്നില്ല.

4. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോഡിനേറ്റർ എന്നിവരുടെ ചുമതലയിൽപ്പെടുന്ന, പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.

മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പെരിനാടൻ ജൈവ പച്ചക്കറികൃഷി - സബ്സിഡി അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 34/21, പെരിനാടൻ ജൈവ പച്ചക്കറികൃഷി |
| അടങ്കൽ തുക | 212500/-, വികസനഫണ്ട് |
| ചെലവഴിച്ച തുക | 212500/- ബിൽ നം 18/19-1-21<br>(137500/- പച്ചക്കറി തൈകളുടെ വില ,75000/- കൂലിച്ചെലവ്) |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പെരിനാടൻ ജൈവപച്ചക്കറികൃഷി എന്ന പദ്ധതിയിൽ (പദ്ധതി അംഗീകാരം നം PERI2/20 തീ 5-11-20) പഞ്ചായത്ത് പരിധിയിൽ 10 സെന്റ് ഭൂമിയെങ്കിലുമുള്ള സ്ഥിരതാമസക്കാരായ ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരുന്നത്. ടി ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവനുസരിച്ച് ഒരു സെന്റ് ഭൂമിയിലെ കൃഷിക്ക് 50 പച്ചക്കറി തൈകളും സെന്റിന് 60 രൂപ നിരക്കിൽ കൂലിച്ചെലവും നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. മേൽ പദ്ധതിവഴി 62500 പച്ചക്കറി തൈകൾ 2.2 രൂപ നിരക്കിൽ 137500 രൂപ ചെലവഴിച്ച് ചിറ്റുമല ബ്ലോക്ക് ഹൈടെക് നഴ്സറി ഫാമിൽ നിന്നു വാങ്ങി (ഇൻവോയ്സ് നം 2787/11-1-21) കർഷകരുടെ 1250 സെന്റ് (5ഹെക്ടർ) ഭൂമിയിലെ കൃഷിക്കായി വിതരണം ചെയ്തയിനത്തിലും കൂലിച്ചെലവിനായി സെൻറിന് 60 രൂപ നിരക്കിൽ 75000 രൂപ (1250*60) കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കിയ ഇനത്തിലും ആകെ 212500/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വിതരണ സ്റ്റേറ്റ്മെന്റ് നോട്ട് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു.) തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-5-20ലെ ജി.ഒ(ആർ.ടി) 1009/20 നം ഉത്തരവ് (സബ്സിഡി മാർഗ്ഗരേഖാ ഭേദഗതി ഉത്തരവ്) ഖ 2-5-3 ൽ വിത്ത്, വളം, കീടനാശിനി തുടങ്ങിയവയ്ക്കായും മറ്റുകൂലി ചെലവുകൾക്കായും പച്ചക്കറി കൃഷിക്ക് ഒരു

ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം 20000/-രൂപയാണ്. ടി ഉത്തരവ് പ്രകാരം 5 ഹെക്ടറിലെ പച്ചക്കറി കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം 100000/-രൂപയാണ്. (ചെലവഴിക്കാവുന്ന തുക സെന്റിന് 80/-രൂപ, ചെലവഴിച്ച തുക 170/-രൂപ)അധികം തുക ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ എൻക്വയറിക്ക്, കർഷകർ രണ്ട് സീസണിലായി രണ്ട് തരം കൃഷി നടത്തിയെന്നും രണ്ട് കൃഷികളുള്ള ചെലവാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. തൈവിതരണം കൂലിച്ചെലവ് എന്നിവ ഒറ്റത്തവണയായി നല്കുന്നതിന് പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും പദ്ധതിപ്രകാരം പച്ചക്കറിതൈകൾ ഒറ്റത്തവണയായി വാങ്ങി സ്റ്റോക്കിലെടുത്ത് കൂലിച്ചെലവുൾപ്പെടെ നല്കിയിട്ടുള്ളതിനാലും (11-1-20ൽ) മേൽ മറുപടി അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച 112500/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 112500/-

ഓഡിറ്റ് എൻക്വയറി നം- 5/8-7-22

## 3-2 ഇടവട്ടം പാടശേഖരത്തിന് കുഴൽ കിണർ നിർമ്മാണം - മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 43/21, ഇടവട്ടം പാടശേഖരത്തിന് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ തുക | 400000/-, വികസനഫണ്ട് ധനകാര്യകമ്മീഷൻ |
| ചെലവഴിച്ച തുക | 400000/- ബിൽ നം 36/31-3-21 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി ഇടവട്ടം പാടശേഖരത്തിന് കുഴൽ കിണർ നിർമ്മാണത്തിനായി തൻവർഷം 400000/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ ഖ.6..1.10 പ്രകാരം കർഷകരുടെയും കർഷക ഗ്രൂപ്പുകളുടെയും കൃഷിയിടങ്ങളിൽ പുതിയ ജലസേചന കിണർ (തുറന്ന കിണർ) നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പ്രവർത്തികൾ നടത്തേണ്ടതാണെന്നും അതിനു കഴിയുന്നില്ലെങ്കിൽ വികസനഫണ്ട് ഉപയോഗിക്കാമെന്നും എൽ.എസ്.ജി.ഡി എ.ഇ.യുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നല്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗ രേഖ പ്രകാരം ജലസേചന കിണർ നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് 50%, എസ്.സിക്ക് 75%, എസ്.ടി വിഭാഗത്തിന് 100% സബ്സിഡിയുമാണ് അനുവദനീയം. എന്നാൽ മേൽ പദ്ധതിയിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക നിക്ഷേപിച്ചിരിക്കുകയാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 400000/- രൂപ നിരാകരിക്കുന്നു. കുഴൽകിണർ നിർമ്മാണ പ്രവർത്തികൾ നിലവിലും ആരംഭിക്കാത്തതിനാൽ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക-400000/-

ഓഡിറ്റ് എൻക്വയറി നം - 5/8-7-22

## 3-3 സമഗ്ര നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

സബ്സിഡി അധികം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 37/21 സമഗ്ര നെൽകൃഷി വികസനം. |
| അടങ്കൽ തുക | 1976800/-(വികസന ഫണ്ട്- 1113020/-, തനത്ഫണ്ട്- 29280/-, ബ്ലോക്ക് പഞ്ചായത്ത്- 170000/-,<br>ജില്ലാപഞ്ചായത്ത്- 510000/-, ഗു.വി.നേരിട്ട്- 154500/-) |
| ചെലവഴിച്ച തുക | 1820024/- (വികസന ഫണ്ട് 1113020/-(ബിൽ നം 3/28-7-20 തുക- 141120/-, ബിൽ നം 14/8-1-21 തുക- 453948/-, ബിൽ നം 16/8-1-21 തുക- 126000/-, ബിൽ നം 30/28-1-21 തുക- 391952/-)<br>തനത്ഫണ്ട്- 27004/- (ചെക്ക് നം 2626285/27-1-21 തുക- 25744/-, ചെക്ക് നം 2626291/5-2-21 തുക- 1260/-).<br>ബ്ലോക്ക് പഞ്ചായത്ത്- 170000/-(ബിൽ നം 34/16-3-21), |

| | |
|---|---|
| | ജില്ലാപഞ്ചായത്ത്- 510000/-(ബിൽ നം 35/16-3-21 തുക- 340000/- ബിൽ നം 11/13-10-20 തുക- 170000/- ) |

മേൽ പദ്ധതി വഴി ഗ്രാമപഞ്ചായത്തിലെ 80 ഹെക്ടറിലെ നെൽ കൃഷിക്ക് (വിരിപ്പ് 40 ഹെക്ടർ & മുണ്ടകൻ 40 ഹെക്ടർ) വിത്ത്, വളം, കൂലിച്ചെലവ് എന്നിവയ്ക്കായി 1820024/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ നെൽവിത്ത് വാങ്ങുന്നതിനായി ചെലവഴിച്ച 268380/- രൂപ ഒഴികെയുള്ള 1551644/- രൂപയും ഇടവട്ടം,(വിരിപ്പ് 20 ഹെക്ടർ & മുണ്ടകൻ 18 ഹെക്ടർ തുക 737198/-) കുഴിയം (വിരിപ്പ് 20 ഹെക്ടർ & മുണ്ടകൻ 22 ഹെക്ടർ തുക 814446/-രൂപ) പാടശേഖരസമിതികളുടെ അക്കൗണ്ടിലേക്കാണ് നല്കിയിട്ടുള്ളത്. ടി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പുതുക്കിയ സബ്സിഡി മാർഗ്ഗരേഖപ്രകാരം (ജി.ഒ(എം.എസ്) 1009/20 ത.സ്വ.ഭ.വ 29-5-20 പ്രകാരം നെൽകൃഷിക്ക് വിത്ത് വളം കീടനാശിനി തുടങ്ങിയ ചെലവുകൾക്കായി ഒരു ഹെക്ടറിന് ചെലവഴിക്കാവുന്ന പരമാവധി തുക 22000/-രൂപയാണ്. ഈ നിരക്ക് പ്രകാരം 80 ഹെക്ടറിലെ കൃഷിയ്ക്ക് അനുവദിക്കാവുന്ന പരമാവധി തുക 1760000/- രൂപയാണ്. എന്നാൽ പദ്ധതിയിൽ 80 ഹെക്ടറിലെ കൃഷിക്ക് വിത്ത്, വളം, കൂലിച്ചെലവ് എന്നിവ ഉൾപ്പെടെ ആകെ ചെലവഴിച്ചത് 1820024/- രൂപയാണ്. അധികമായി ചെലവഴിച്ച 60024/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നല്കിയ തുക പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി യഥാഫണ്ടുകളിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക - 60024/-
ഓഡിറ്റ് എൻക്വയറി നം - 5/8-7-22

3-4 ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | പ്രോ നം 222/21 ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി (2019-20ലെ 122/20ന്റെ സ്പിൽ ഓവർ) |
| അടങ്കൽ തുക | 167010/-, വികസന ഫണ്ട് |
| ചെലവഴിച്ച തുക | 167010/- ബിൽ നം 6/15-9-20 |

ഇടവട്ടം കുഴിയം പാടശേഖരങ്ങളിൽ മൂന്നാം വിള കൃഷി എന്ന പദ്ധതിക്ക്, നെൽപ്പാടങ്ങളിലെ മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പയർ വർഗ്ഗവിളകളുടെ കൃഷി നടത്തുന്നതിനാണ് അംഗീകാരം ലഭിച്ചിരുന്നത്. മേൽ പദ്ധതി വഴി വിവിധയിനം പയർ വിത്തുകൾവാങ്ങുന്നതിനായി 71010/-രൂപയും കൂലിച്ചെലവിനത്തിൽ 96000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. (കൂലിച്ചെലവിനത്തിലുള്ള തുക പാടശേഖരസമിതികളുടെ അക്കൗണ്ടിലേക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ഇടവട്ടം പാടശേഖര സമിതി – 36000/- കുഴിയം പാടശേഖരസമിതി – 60000/-) 2019-20 ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെൽക്കൃഷി, പച്ചക്കറിക്കൃഷി എന്നിവയ്ക്ക് മാത്രമാണ് കൂലിച്ചെലവ് സബ്സിഡി നല്കാവുന്നത്. മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുന്നതിനായുള്ള പയർ കൃഷിക്ക് കൂലിച്ചെലവ് അനുവദനീയമല്ല. അതിനാൽ കൂലിച്ചെലവിനത്തിൽ നല്കിയ തുക നിരാകരിക്കുന്നു. പാടശേഖരസമിതികളിൽ നിന്നും തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ പാടശേഖരസമിതികളുടെ അക്കൗണ്ടിലേക്ക് കൂലിച്ചെലവിനത്തിലുള്ള തുക വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വിത്ത് വിതരണരേഖകളോ കൃഷി ഭൂമിയിൽ കൃഷി നടത്തിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ഹാജരാക്കുന്നത് വരെ വിത്ത് വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച 71010/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 71010/-

നിരാകരിക്കുന്ന തുക - 96000/-
ഓഡിറ്റ് എൻക്വയറി നം - 5/8-7-22

3-5 തെങ്ങ് കൃഷി പുനരുദ്ധാരണം - സബ്സിഡി അധികം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 38/21, തെങ്ങ് കൃഷി പുനരുദ്ധാരണം |
| അടങ്കൽ തുക | (വികസനഫണ്ട്- 215000/-, ഗുണഭോക്തൃവിഹിതം- 157000/- (സ്ഥാപനത്തിൽ 5000/-, നേരിട്ട്- 152000/-) |

| | |
|---|---|
| ചെലവഴിച്ച തുക | 128700/- ( ബിൽ നം 32/5-2-21 തുക 117000/-, ബിൽ നം 33/27-2-21 തുക-8775/- ഗുണഭോക്തൃവിഹിതം 2925/-) |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തെങ്ങുകൃഷി പുനരുദ്ധാരണം എന്ന പദ്ധതിയിൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം പുതിയ തൈകൾ വയ്ക്കുന്നതിനായി 2925/- രൂപ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 128700/- രൂപ ചെലവഴിച്ചിട്ടുണ്ട്.മേൽ പദ്ധതിയിൽ മുറിച്ച് മാറ്റുന്ന തെങ്ങിന് 1000/- രൂപ നിരക്കിൽ ധനസഹായവുംപകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് 75 രൂപ നിരക്കിൽ സബ്സിഡിയുമാണ് അനുവദിച്ചത്. (തെങ്ങിൻ തൈയുടെ വില 100/*ഗുണഭോക്തൃവിഹിതം 25/- രൂപ നിരക്കിൽ). സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) 22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ 6.1.5 പ്രകാരം പൊതുവായുള്ള തെങ്ങിൻതൈ വിതരണത്തിന് 75% സബ്സിഡി നല്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിലെ തെങ്ങിൻ തൈ വിതരണത്തിനും മറ്റാനുകൂല്യങ്ങൾക്കും കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് (ഖ 8.1.12) വ്യക്തമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ 12-11-20 ലെ TB(1) 13192/19 സർക്കുലറിലെ ഖ.f പ്രകാരം മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽ കവിയാതെയും മുറിച്ച് മാറ്റിയവയ്ക്ക് 1000/- രൂപ നിരക്കിലുമാണ് നല്കാവുന്നത്. മേൽ പദ്ധതി വഴി രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റിയവർക്ക് 100/- രൂപ നിരക്കിൽ 117 തെങ്ങിൻ തൈകൾ KAICO യിൽ നിന്നും 11700/-രൂപയ്ക്ക് (വികസനഫണ്ട് 8775/-ഗുണഭോക്തൃവിഹിതം 2925/-) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 50 രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് പകരം 25 രൂപ നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും 2925/- രൂപ മാത്രമാണ് കൃഷി ഓഫീസ് മുഖേന കളക്റ്റ് ചെയ്തിട്ടുള്ളത്. പ്രോജക്റ്റിലും 25% ഗുണഭോക്തൃവിഹിതമാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ പ്രകാരം പദ്ധതി നടപ്പിലാക്കിയത് മൂലം 2925/-രൂപ (117 X 25) വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിരിക്കുന്നു. സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 2925/-രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക പദ്ധതി നിർവഹണാധികാരിയിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പൊതുവായുള്ള തൈ വിതരണത്തിനുള്ള നിരക്കിൽ സബ്സിഡി നൽകിയെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ പദ്ധതിക്ക് ടി നിരക്ക് ബാധകമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

നിരാകരിക്കുന്ന തുക-2925/-

ഓഡിറ്റ് എൻക്വയറി നം - 5/8-7-22

## 3-6 ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി - ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു.

2020-2021 സാമ്പത്തിക വർഷത്തിൽ തോട് നവീകരണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട് - വിശദമായ എസ്റ്റിമേറ്റിൽ 2.3.1 Code- ൽ Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങൾ ഉൾപ്പെടെയാണ് 192.758/എം.3 രൂപ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ ടി ഇനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഒഴിവാക്കി അനുവദിയ്ക്കാവുന്ന നിരക്ക് 157.18/എം.3 രൂപ ആയിരിക്കെ 189.45/ എം.3 രൂപ നിരക്കിൽ തൊഴിലാളികൾക്ക് കൂലി നൽകി. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

എം.3 –ന് 192.758/- രൂപ തിട്ടപ്പെടുത്തിയതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ

Code 2.3.1 - Earth Work – Banking Excavated Earth In Layers...all Kinds Of Soil.

| ക്രമ നം. | Code | Description | Unit | Quantity | Rate | Amount(രൂപ) |
|---|---|---|---|---|---|---|
| 1. | 0114 | Beldar | Day | 0.2200 | 271 | 59.62 |
| 2. | 0115 | Coolie | Day | 0.3600 | 271 | 97.56 |
| 3. | 0101 | Bhisti | Day | 0.0400 | 800 | 32.00 |
| 4. | 0003 | Hire Charges Of Diesel Road Roller-8 To 10 Tonne | Day | 0.0008 | 1990 | 1.59 |
| 5. | 0113 | Chowkidar | Day | 0.0008 | 271 | 0.22 |
| 6. | 1235 | Diesel Oil | Litre | 0.0144 | 66 | 0.95 |
| 7. | 2342 | Solent/Diesel | Quintal | 0.0001 | 0.00 | 0.00 |

| | | | | | | |
|---|---|---|---|---|---|---|
| 8. | 9999 | Sundries | L.S. | 0.2730 | 3.00 | 0.82 |
| | | | | | ആകെ | 192.758/എം3 |

അധികമായി 32.27രൂപ/എം.3 അനുവദിച്ചതിനാൽ വിവിധ പ്രവൃത്തികളിലായി 5,447/-രൂപ തൊഴിലാളികൾക്ക് അനർഹമായി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ടി. എസ്. നമ്പർ/തീയതി | എഫ്.റ്റി. ഒ/തീയതി | എം. ബുക്ക് നം. /പേജ് നം. | അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് –അനുവദിച്ച തുക(എം.3 –ന് 189.45 രൂപ നിരക്കിൽ) | അനുവദനീയമായ തുക (എം.3 –ന് 157.18 രൂപ നിരക്കിൽ) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|---|
| 1. | വാർഡ് 20-ബ്ലാവേത്ത് തോട് നവീകരണം | 187/TSC /pn/26.12.19 | 34172-34179/11.05.20 | 1/7 | 12.39(എം.3)-2347.28 | 1947/- | 400/- |
| 2. | വാർഡ് 17-മാമ്പുഴ മുതൽ ആറാട്ടുകളം വരെയുള്ള നട്ടത്തോട് നവീകരണം | 22/TSC /pn/18.5.20 | 51421-51406/20.05.20 | 5/10 | 14.714(എം.3 )-2787.56 | 2312/- | 475/- |
| 3. | വാർഡ് 11-ഇടവട്ടം ഏലാത്തോട് നവീകരണം | 25/TSC /pn/19.5.20 | 65084-65068/25.05.20<br>52688-52673/20.05.20<br>110462-110464/19.06.20 | 6/17<br>6/10<br>6/21 | 32.85(എം.3)-6223.43 | 5163/- | 1060/- |
| 4. | വാർഡ് 7-ചിറക്കോണം ഏലാത്തോട് ടി. സി.എം. –ചിറക്കോണം കലുങ്ക് വരെ തോട് പുനരുദ്ധാരണം | 23/TSC /pn/19.5.20 | 46061-46057/16.05.2020<br>57972-57984/22.05.2020 | 3/10<br>3/17 | 42.96 (എം.3)-8139.34 | 6752/- | 1386/- |
| 5. | വാർഡ് 13-ചുഴവഞ്ചിറ തോട് നവീകരണം | 24/TSC /pn/19.5.20 | 61583-61584/23.05.2020<br>46082-46090/ 16.5.2020 | 2/9<br>2/22 | 68.99-(എം.3)-13070.15 | 10844/- | 2226/- |
| | | | | | | ആകെ തുക | 5,547/-രൂപ |

നിർവ്വഹിക്കാത്ത ഇനങ്ങൾ ഒഴിവാക്കാതെ തൊഴിലാളികൾക്ക് കൂലി നൽകിയതിന് വിശദീകരണം തേടി ബന്ധപ്പെട്ട അക്രഡിറ്റഡ് എൻജിനീയർക്ക് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭിച്ചില്ല. തൊഴിലാളികൾക്ക് അനർഹമായി അനുവദിച്ച 5,447/- രൂപ, തുക കൈപ്പറ്റിയവരിൽ നിന്നും അടിയന്തിരമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ഈടാക്കാത്ത പക്ഷം പ്രവൃത്തിയുടെ തെറ്റായ മൂല്യനിർണ്ണയം നടത്തിയ തൊഴിലുറപ്പ് വിഭാഗം ഓവർസീയർ ശ്രീമതി. സംഗീത എസ്, അക്രഡിറ്റഡ് എൻജിനീയർ, ശ്രീമതി. ഷിഹാന

ഷിഹാബ് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.
നിരാകരിയ്ക്കുന്ന തുക – 5,447/- രൂപ
ഓഡിറ്റ് എൻക്വയറി നം – 8/12.07.2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11/7/22 | കെ.എസ്.എ/കെ.എൽ.എം. പി.4/1335 /22/2022 തീയതി-26.7.22 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 60000 | സമഗ്രവാഴകൃഷി | 60000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 27500 | മരച്ചീനികൃഷി | 27500 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 32000 | ജൈവവളകൃഷി | 31992 | 8 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 125000 | കരനെൽകൃഷി | 125000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 170000 | സമഗ്രനെൽകൃഷി വികസനം | 170000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2000000 | ലൈഫ് ജനറൽ | 1980000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | അംഗനവാടി പോഷകാഹാരം | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000 | ബഡ്സ് റീഹാബിറ്റിലേഷൻ | 40425 | 209575 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 117334 | സമഗ്രനെൽകൃഷി വികസനം | 117334 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | ശ്രീകൃഷ്ണസാമിക്ഷേത്രം റോഡ്ഓട സ്ലാബ് | 204901 | 45099 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 100000 | മാപ്പിളഴികത്ത് നവജ്യോത് റോഡ് കോൺക്രീറ്റ് | 98992 | 1008 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 200000 | മഞ്ചാടിമൂല കടത്തു കടവ് റോഡ് റീടാറിംഗ് | 198043 | 1957 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | സമഗ്ര വാഴകൃഷി | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 125000 | കരനെൽകൃഷി | 125000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 510000 | സമഗ്രനെൽകൃഷി വികസനം | 510000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 121200 | മത്സ്യകൃഷി പടുതക്കുളം | 108454 | 12746 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | നാളികേര സൊസൈറ്റി ധനസഹായം | 972689 | 27311 |

### 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പുതിയ ട്യൂബ് വെൽ വിർമ്മാണം | (ബിൽ നം23/16-3-21) | 959784/- | 0 | 959784/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചെറുമൂട് മാർക്കറ്റിൽ കുഴൽ ക്കിണർ | ബിൽ നം23/16-3-21) | 959784/- | 0 | 959784/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള ഓപ്പൺഓഡിറ്റോറിയത്തിന് സമീപം കുഴൽ ക്കിണർ നിർമ്മാണം | (ബിൽ നം23/16-3-21) | 959784/- | 0 | 959784/- |
| വാട്ടർ അതോറിറ്റി | ചിറക്കോണം കുഴൽക്കിണറിന് പമ്പ് ഹൗസ് നിർമ്മാണവും പൈപ്പ് ലൈൻ ദീർഘിപ്പിക്കലും | (ബിൽ നം24/16-3-21) | 1250000/- | 0 | 1250000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1260000/- രൂപ വരവുണ്ട്. മുൻബാക്കി 491406/- രൂപയടക്കം 1751406/-രൂപയിൽ 1720000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി.ലോൺ | സ.ഉ.(സാ.ധാ.)2278/ത.സ്വ.ഭ.വ. തീയതി. 18.08.18 | 12600000/- | 19967289/- | 2321216/- | - | 19106043/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12400/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2013-14, 2014-15 | 3-4, 3-25 | 12400/- | ശ്യാംലാൽ എച്ച്.ഐ | 1200102789/26-2-21 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3.17.1 | ഖാദിവ്യവസായ സഹകരണ സംഘത്തിന് തുക അനുവദിച്ചത് | ഇതുമായി ബന്ധപ്പെട്ട് 2.12.10 ൽ WP(cc) 39831/10 നം. കേസ് നിലവിലുള്ളതിനാൽ റവന്യൂറിക്കവറി നടപടി |

| | | | | | |
|---|---|---|---|---|---|
| | | | | | സ്വീകരിക്കുവാൻ സാധിക്കുന്നില്ല. |
| 2003-04 | 3-18, 3-20, 3-22 | 2007-08 | 3(6)(2), 3(7)(1) | റോഡ് നിർമ്മാണം തുക അധികം നൽകിയത് (3-18, 3-20), കോളനിപ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം പ്രോജക്ടിന് വിരുദ്ധമായി തുക ചെലവഴിച്ചത്(3-22). | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-24, 3-25 | 2007-08 | 3.6.2 | റോഡ് നിർമ്മാണം തുക അധികം നൽകിയത് (പൊതുപരാമർശം) | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2008-09 | 3.5.3 | ബാന്റ്ഗ്രൂപ്പ് രൂപീകരണവും ക്രമവിരുദ്ധമായ ചെലവും | നിയമസഭാസമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 112500/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ) |
| 3-2 | | 400000/- | ശ്രീമതി.അഞ്ജന( കൃഷി ഓഫീസർ) |
| 3-3 | | 60024/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ) |
| 3-4 | | 96000/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ) |
| 3-5 | | 2925/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ) |
| 3-6 | | 2723.5/- | ശ്രീമതി.സംഗീത.എസ് (N.R.E.G.S.) ഓവർസിയർ |
| | | 2723.5/- | ശ്രീമതി ഷിഹാന ഷിഹാബ്. (അക്രഡറ്റിഡ് എഞ്ചിനീയർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 60000/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ) |
| 1-22 | 71010/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ) |
| 1-23 | 1760000/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ) |
| 1-24 | 255360/- | ശ്രീമതി. ആര്യലക്ഷ്മി ( കൃഷി ഓഫീസർ) |
| | 125000/- | ശ്രീമതി. അഞ്ജന ( കൃഷി ഓഫീസർ) |
| 1-25 | 10500/- | ശ്രീമതി.ആര്യലക്ഷ്മി (കൃഷി ഓഫീസർ |
| 1-26 | 4129352 | ശ്രീ. ബാബുരാജ് (സെക്രട്ടറി) |
| | 625000/- | ശ്രീമതി.സാൺടിയ വാഷിംഗ്ടൺ (വെറ്റിനറി സർജൻ) |
| 1-27 | 200000/- | ഡോ.ജൂന വി. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-28 | 108454/- | ശ്രീമതി. ആര്യ.പി (സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്) |
| 1-29 | 100000/- | ശ്രീമതി.സാൺടിയ വാഷിംഗ്ടൺ (വെറ്റിനറിസർജൻ) |
| 1-31 | 50000/- | ശ്രീമതി.ഷീബാ ഫ്രാൻസിസ് (ഡയറി ഫാം ഇൻസ്ട്രക്ടർ) |

(ബി)കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആര്യലക്ഷ്മി (കൃഷിഓഫീസർ) | അസി. പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് സോഷ്യൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി, കോളേജ് ഓഫ് അഗ്രികൾച്ചർ,വെങ്കാനിക്കര, തൃശ്ശൂർ | ചെറുകോട്, കല്ലൂർവീട്, മഞ്ഞക്കാല പി.ഒ. |
| ശ്രീമതി അഞ്ജന (കൃഷിഓഫീസർ) | കൃഷിഓഫീസർ (പെരിനാട്) | ഐശ്വര്യ, ചിറയില, ആലുമ്മൂട് പി.ഒ. മുഖത്തല |
| ശ്രീ.ബാബുരാജ് (സെക്രട്ടറി) | സെക്രട്ടറി (പെരിനാട് ഗ്രാമപഞ്ചായത്ത്) | നികേതം, പെരുമ്പുഴ പി.ഒ. |
| ശ്രീമതി.സാൺടിയ വാഷിംഗ്ടൺ(വെറ്ററിനറിസർജൻ) | വെറ്റിനറിസർജൻ, പെരിനാട് | അജയ്ഭവൻ, കേരളപുരം, വെള്ളിമൺ |
| ഡോ.ജ്ഞന വി (മെഡിക്കൽ ഓഫീസർ പി.എച്ച്.സി) | പി.എച്ച്.സി, എസ്.എൻ. പുരം | ആകാശ് ദീപ്, ഓയൂർ പി.ഒ. കൊല്ലം |
| ശ്രീമതി. ആര്യ (ഫിഷറീസ് സബ്ഇൻസ്പെക്ടർ) | ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റൽ ഏജൻസി, കൊല്ലം | തിരുവോണം, കായില, മൈലോട് പി.ഒ. പൂയപ്പള്ളി |
| ശ്രീമതി.ഷീബാ ഫ്രാൻസിസ് | ഡയറിഫാം ഇൻസ്ട്രക്ടർ, പെരിനാട് | എസ്.എസ്.വില്ല, ചെമ്മക്കാട് പി.ഒ. |
| ശ്രീമതി. ഷിഹാന ഷിഹാബ്. | അക്രഡിറ്റഡ് എൻജിനീയർ, പെരിനാട് ഗ്രാമപഞ്ചായത്ത് | കോട്ടവിളവീട്, വെള്ളിമൺ പി.ഒ., കേരളപുരം |
| ശ്രീമതി.സംഗീത.എസ് | M.G.N.R.E.G.S ഓവർസിയർ, പെരിനാട് ഗ്രാമപഞ്ചായത്ത് | കവിതാ ഭവനം, കുഴിയം സൌത്ത്, ചന്ദനത്തോപ്പ് പി.ഒ., കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി4/441(1)/18 /6-4-18 | 2 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി4/441(2)/18 /6-4-18 | 1 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി4/441(3)/18 /6-4-18 | 3 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി4/441(5)/18 /6-4-18 | 5 |
| 2002-03 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി4/441(6)/18 /6-4-18 | 4 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 22 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി4/780(1)/19 | 19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി4/780(2)/19 | 7 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി4/780(3)/19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി4/780(4)/19 | 4 |
| 2010-11<br>2011-12 | കെ.എസ്.എ.കെ.എൽ.എം.പി4/780(5)/19 | 13 |
| 2012-13 | എൽ.എഫ്.ക്യൂ.പി2/1537/14/ 15.07.15 | 11 |
| 2013-14&14-15 | കെ.എസ്.എ.കെ.എൽ.എം.പി.2-1564/16/10.5.17 | 8 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.4-1837/16/27.12.17 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.4-1615/17/28.03.18 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.4-1804/18, തീയതി - 06.02.19 / 15.03.19 | 11 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.4-981(1)/19/02.08.2019 | 17 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.4-767/21/ 4.07.21 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്